ഇസ്‌ലാമിലെ എന്റെ ആദ്യ ദിനം - പരമ്പര

2



# എങ്ങനെയാണ് ഞാൻ നമസ്കരിക്കേണ്ടത്?

മഹത്തായ മത ചിഹ്നമായ നമസ്കാരത്തിന്റെ രൂപത്തെ കുറിച്ചുള്ള വിശദീകരണം

# എങ്ങനെയാണ് ഞാൻ നമസ്കരിക്കേണ്ടത്?

## മഹത്തായ മത ചിഹ്നമായ നമസ്കാരത്തിന്റെ രൂപത്തെ കുറിച്ചുള്ള വിശദീകരണം

مركز أصول
OsoulCenter

ⓒ جمعية الدعوة والإرشاد وتوعية الجاليات بالربوة ، ١٤٤٦ هـ

مركز أصول

كيـف أصلـي: شـرح مصـور لكيفيـة الصـلاة مـع وقفـات مـع هـذه الشـعيرة العظيمـة باللغـة المليباريـة. / مركـز أصـول - ط ١. .- الريـاض ، ١٤٤٦ هـ

٥٠ ص ؛ ١٤.٨ x ٢١ سم

رقم الإيداع: ١٤٤٦/١٨٩٧٩

ردمك: ٩٧٨-٦٠٣-٨٤٣٨-٩٥-٤

Osoul Center
www.osoulcenter.com

■ ഉസൂൽ സെന്റർ ആണ് ഈ പ്രസിദ്ധീകരണത്തിന്റെ രൂപകൽപന നിർവഹിച്ച് ഇത് തയ്യാറാക്കിയത്

■ ഉറവിടം സൂചിപ്പിച്ച് കൊണ്ടും ഉള്ളടക്കം മാറ്റാതെയും ഈ പ്രസിദ്ധീകരണം അച്ചടിക്കാനും ഏത് വിധേനെയും പ്രചരിപ്പിക്കാനും ഉസൂൽ സെന്റർ അനുവാദം നൽകുന്നു.

■ അച്ചടിക്കുമ്പോൾ ഉസൂൽ സെന്റർ അംഗീകരിച്ച ഗുണനിലവാര മാനദണ്ഡങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്

بسم الله الرحمن الرحيم

# ആമുഖം

**الحمد لله رب العالمين، وصلى الله وسلم على نبينا محمد، وعلى آله وصحبه أجمعين، أما بعد.**

ഇസ്‌ലാം നന്മയുടെ മതമാണ്, അത് ഒരു വ്യക്തിയും അവന്റെ രക്ഷിതാവും തമ്മിലും ഒരു വ്യക്തിയും സമൂഹവും തമ്മിലുമുള്ള നല്ല ബന്ധത്തെ സ്ഥാപിക്കുന്നു.

ഒരു വ്യക്തിയും തന്റെ രക്ഷിതാവും തമ്മിലുള്ള ബന്ധത്തിൽ ഏറ്റവും ശ്രേഷ്ഠമായതാണ്; നമസ്കാരം. ഒരു മനുഷ്യൻ തന്റെ രക്ഷിതാവിന്റെ മുന്നിൽ നിന്ന് കൊണ്ട് അവൻ കൽപിച്ച രൂപത്തിൽ അവനെ ആരാധിച്ചും മഹത്വത്തോടെ അവനെ ഓർത്തും ഭയത്തോടും ഇഷ്ടത്തോടും പ്രതീക്ഷയോടും കൂടി അവനോട് പ്രാർത്ഥിച്ചും നിർവഹിക്കുന്ന മഹത്തായ ആരാധനയാണത്.

നമസ്കാരത്തിന് മഹത്തായ ചില സവിശേഷതകളുണ്ട്; ഇസ്‌ലാം കാര്യത്തിൽ രണ്ടാമത്തേതാണത്, ശഹാദത്ത് കഴിഞ്ഞാൽ ഏറ്റവും ശ്രേഷ്ഠമായ പ്രവർത്തനവും അത് തന്നെ. സ്വർഗ പ്രവേശനത്തിനുള്ള കാരണങ്ങളിൽ ഏറ്റവും മഹത്തായതും അതാണ്.

അത് മുഖേനെ അല്ലാഹു പദവികൾ ഉയർത്തുകയും തെറ്റുകൾ മായ്ച്ച് കളയുകയും ചെയ്യുന്നു. അതിന് വേണ്ടിയുള്ള നടത്തം പോലും നന്മയായി രേഖപ്പെടുത്തപ്പെടുന്നു. അതിനായി പോകുമ്പോഴും വരുമ്പോഴുമെല്ലാം ഒരു മുസ്‌ലിമിന് സ്വർഗത്തിൽ ആതിഥ്യമരുളപ്പെടുകയും ചെയ്യുന്നു.



ഒരാൾ തന്റെ നമസ്കാരത്തിലായിരിക്കുന്ന സമയമത്രയും മലക്കുകൾ അയാൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നു. നമസ്കാരം മുഖേനെ രണ്ട് നമസ്കാരങ്ങൾക്കിടയിൽ വന്ന് പോകുന്ന പാപങ്ങൾ അല്ലാഹു പൊറുത്ത് തരികയും ചെയ്യുന്നു. നമസ്കരിക്കുന്നവന് അത് ഇഹലോകത്തും പരലോകത്തും പ്രകാശമാണ്. മറ്റ് ആരാധനകൾക്കൊന്നുമില്ലാത്ത മഹത്തായ ശ്രേഷ്ഠതകൾ അതിനുണ്ട്; ജിബ്രീൽ മുഖേനെയല്ലാതെ തന്റെ പ്രവാചകനായ മുഹമ്മദ് നബി(സ)ക്ക് അത്യുന്നതനായ അല്ലാഹു നേരിട്ട് നിർബന്ധമാക്കിയതാണ് ഇത് എന്നതിനേക്കാൾ വലിയ തെളിവൊന്നും അതിന് സമർപ്പിക്കാനില്ല. അവിടുത്തെ ആകാശാരോഹണ സമയത്ത് ആകാശത്ത് വെച്ചാണിത് നിർബന്ധമാക്കിയത്, ഭൂമിയിൽ വെച്ചല്ല.


അല്ലാഹു പറയുന്നു: "(നബിയേ,) വേദഗ്രന്ഥത്തിൽ നിന്നും നിനക്ക് ബോധനം നൽകപ്പെട്ടത് ഓതിക്കേൾപിക്കുകയും, നമസ്കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുക. തീർച്ചയായും നമസ്കാരം നീചവൃത്തിയിൽ നിന്നും നിഷിദ്ധകർമ്മത്തിൽ നിന്നും തടയുന്നു. അല്ലാഹുവെ ഓർമിക്കുക എന്നത് ഏറ്റവും മഹത്തായ കാര്യം തന്നെയാകുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതെന്തോ അത് അല്ലാഹു അറിയുന്നു." (സൂ. അൻകബൂത്ത് 45).

ജാബിർ(റ)വിൽ നിന്നും അദ്ദേഹം പറഞ്ഞു: "അഞ്ച് നേര നമസ്കാരത്തിന്റെ ഉപമ നിങ്ങളിൽ ഒരാളുടെ വീടിന് മുന്നിലൂടെ നന്നായി ഒഴുകുന്ന ഒരു നദിയിൽ അവൻ ദിനേനെ അഞ്ച് നേരം കുളിക്കുന്നത് പോലെയാണ്." (മുസ്‌ലിം).

# ഉള്ളടക്കം

| വിഷയം | | പേജ് നമ്പർ |
|---|---|---|
| 1 | നമസ്കാരത്തിൽ ഹൃദയത്തിന്റേയും അവയവങ്ങളുടേയും ഭയഭക്തി | 9 |
| 2 | നിർബന്ധ നമസ്കാരങ്ങൾ | 13 |
| 3 | നമസ്കാരത്തിന്റെ വിധിവിലക്കുകൾ | 15 |
| 4 | എങ്ങനെയാണ് ഞാൻ നമസ്കരിക്കേണ്ടത്? | 17 |
| 5 | നമസ്കാരം നിഷ്ഫലമാക്കുന്ന കാര്യങ്ങൾ | 32 |
| 6 | നമസ്കാരത്തിൽ വെറുക്കപ്പെട്ട കാര്യങ്ങൾ | 33 |
| 7 | രോഗിയുടെ നമസ്കാരം | 35 |
| 8 | യാത്രക്കാരന്റെ നമസ്കാരം | 36 |
| 9 | നമസ്കാരത്തിൽ സ്ത്രീകളുമായി ബന്ധപ്പെട്ട വിധിവിലക്കുകൾ | 37 |
| 10 | മൂല്യ നിർണയ ചോദ്യങ്ങൾ | 40 |





# നമസ്കാരത്തിൽ ഹൃദയത്തിന്റെയും അവയവങ്ങളുടെയും ഭയഭക്തി

**നമസ്കാരത്തിന്റെ ആത്മാവാണ് ഭയഭക്തി.** ഹൃദയ സാന്നിധ്യം, അതിന്റെ നൈർമല്യം, അല്ലാഹുവിനുള്ള അതിന്റെ കീഴൊതുങ്ങൽ, നമസ്കാരത്തിന്റെ കാര്യത്തിലല്ലാതെ മറ്റൊന്നിലും മനസ് വ്യാപൃതമാകാതിരിക്കൽ എന്നിവയിലൂടെയാണ് ഇത് സാധ്യമാകുന്നത്. ഇതിലൂടെ നമസ്കാരത്തിന്റെ ഭാഗമല്ലാത്ത ചലനങ്ങൾ നടത്തുകയോ കളിക്കുകയോ ചെയ്യുന്നതിൽ നിന്നും അവയവങ്ങളെ ശാന്തമാക്കുന്നു.

ഭയഭക്തിയിൽ ഉപേക്ഷ കാണിക്കുന്നത് നമസ്കാരത്തിന്റെ പ്രതിഫലം കുറയാൻ ഇടയാക്കും. അത് പാപത്തിലേക്ക് നയിക്കുകയും ചെയ്തേക്കാം. നബി(സ) പറഞ്ഞു: "ഒരു ദാസൻ നമസ്കരിക്കുമ്പോൾ അവന് അതിന്റെ പത്തിലൊന്നോ ഒമ്പതിലൊന്നോ എട്ടിലൊന്നോ ഏഴിലൊന്നോ ആറിലൊന്നോ അഞ്ചിലൊന്നോ നാലിലൊന്നോ മൂന്നിലൊന്നോ പകുതിയോ അല്ലാതെ അവന്റെ മേൽ രേഖപ്പെടുത്തപ്പെടുന്നില്ല." (അഹ്മദ്).



## ഭയഭക്തി ഉണ്ടാക്കാൻ സഹായിക്കുന്ന കാര്യങ്ങൾ:

1. ഭയഭക്തി ഉണ്ടാക്കി തരാൻ അല്ലാഹുവോട് പ്രാർത്ഥിക്കുക.
2. നമസ്കാരത്തിന് മുമ്പ് തന്നെ മനസിനെ മറ്റ് ചിന്തകളിൽ നിന്നും മോചിപ്പിക്കുക.
3. സുഗന്ധം പൂശുകയും നമസ്കാരത്തിന് അനുയോജ്യമായ വസ്ത്രം ധരിക്കുകയും ചെയ്യുക.
4. സാധ്യമാകുമെങ്കിൽ വീട്ടിൽ വെച്ച് വുദു ചെയ്യുക, വുദു നന്നായി ചെയ്യുക.
5. ദുർഗന്ധങ്ങളിൽ നിന്ന് അകന്ന് നിൽക്കുകയും വസ്ത്രത്തിൽ നിന്നും വായയിൽ നിന്നും അത് നീക്കം ചെയ്യുകയും ചെയ്യുക.
6. നമസ്കാരത്തിന്റെ സമയത്ത് ഭക്ഷണം തയ്യാറായിട്ടുണ്ടെങ്കിൽ ആദ്യം ഭക്ഷണം കഴിക്കുക, നമസ്കരിക്കുന്ന സമയത്ത് ഭക്ഷണം കഴിക്കുന്നതിലേക്ക് ചിന്ത പോകാതിരിക്കാൻ അത് ഉപകാരപ്പെടും.



7 മലമൂത്ര വിസർജനം അത്യാവശ്യമായിരിക്കെ നമസ്കരിക്കാതിരിക്കുക. ഭയഭക്തിയും ശാന്തതയും നഷ്ടപ്പെട്ട് പോകാതിരിക്കാൻ നമസ്കാരത്തിന് മുന്നേ തന്നെ പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുക.

8 ശാന്തതയോടും അടക്കത്തോടും പള്ളിയിലേക്ക് നടക്കുക. ഇഖാമത്ത് കൊടുത്തിട്ടുണ്ടെങ്കിൽ പോലും ഓടി പോകരുത്,. കാരണം, ധൃതി ചിന്തകളെ വ്യതിചലിപ്പിക്കും.

9 മതത്തിൽ നിയമമാക്കപ്പെട്ട ദിക്റുകൾ നടപ്പിൽ വരുത്തുക;വീട്ടിൽ നിന്ന് പുറത്ത് കടക്കുമ്പോഴും പള്ളിയിലേക്ക് നടക്കുമ്പോഴും പള്ളിയിൽ പ്രവേശി ക്കുമ്പോഴും ഉള്ള പ്രാർത്ഥന മുതലായവ.

10 പള്ളിയിൽ കയറിയാൽ രണ്ട് റക്അത്ത് തഹിയ്യത്ത് നമസ്കാരം നിർ വഹിക്കുക. റവാത്തിബ് സുന്നത്തിന് അത് തന്നെ മതിയാകുന്നതാണ്.

11 നമസ്കാരത്തിന് വേണ്ടി കാത്തിരിക്കുന്ന സമയത്ത് ദിക്റിൽ മുഴുകുകയും മറ്റുള്ളവരോട് ഭൗതിക കാര്യങ്ങൾ സംസാരിക്കാതിരിക്കുകയും ചെയ്യുക.



# നിർബന്ധ നമസ്കാരങ്ങൾ:

പകലിലും രാത്രിയിലുമായി ദിനേനെ അഞ്ച് നേര നമസ്കാരങ്ങൾ അല്ലാഹു മുസ്ലിംകളുടെ മേൽ നിർബന്ധമാക്കിയിട്ടുണ്ട്. മതം നിശ്ചയിച്ച് തന്ന നിർണിത സമയങ്ങളിലാണ് അവ നിർവഹിക്കേണ്ടത്. അവയുടെ ക്രമം ഇപ്രകാരമാണ്; സുബ്ഹി, ദുഹ്ർ,അസ്ർ, മഗ്രിബ്, ഇശാ. ഇവയോരോന്നിനും നിശ്ചിത എണ്ണം റക്അത്തുകളുണ്ട്, അത് പാലിക്കാത്ത പക്ഷം ആ നമസ്കാരം ശരിയാവുകയില്ല. അതോടൊപ്പം അവയോരോന്നിനും അത് നിർവഹിക്കാനുള്ള നിർണിത സമയവുമുണ്ട്. നബി(സ) യുടെ ഹദീസിലൂടെ പരാമർശിക്കപ്പെട്ട ഏതെങ്കിലും അടയാളങ്ങളിലൂടെയോ കൃത്യമായ ക്ലോക്കിലൂടെയോ എല്ലാ നേരത്തുമുള്ള മുസ്ലിംകളുടെ ബാങ്കിലൂടെയോ നമസ്കാരത്തിന്റെ സമയം മനസിലാക്കാവുന്നതാണ്.



# നമസ്കാരത്തിന്റെ വിധിവിലക്കുകൾ

1. ഒരു മുസ്‌ലിം  പാപങ്ങൾ ചെയ്താലും, അയാൾക്ക് നമസ്കാരം ഉപേക്ഷിക്കാൻ കഴിയില്ല, കാരണം നമസ്കാരം പൂർണ്ണമായും ഉപേക്ഷിക്കുന്നവൻ  മുസ്‌ലിമല്ല.

2. പുരുഷന്മാർ പള്ളിയിൽ വെച്ച് ജമാഅത്തായി (സംഘമായി) ആണ് നമസ്കരിക്കേണ്ടത്, ജമാഅത്തായി നമസ്കരിക്കുന്നത് ഒറ്റയ്ക്ക് നമസ്കരിക്കുന്നതിനേക്കാൾ പ്രതിഫലാർഹമാണ്. വീടുകൾ, റോഡുകൾ, പുൽമേടുകൾ എന്നിങ്ങനെ ഏത് ശുദ്ധമായ സ്ഥലത്തും നമസ്കാരം സാധുവാണ്.

3. ഒരു മുസ്‌ലിം തന്റെ നഗ്നത മറക്കുകയും ശുദ്ധമായ അവസ്ഥയിൽ നമസ്കാരത്തിൽ പ്രവേശിക്കുകയും വേണം, വുദു അറിയില്ലെങ്കിൽ അവൻ വുദു പഠിക്കണം.

4. ഒരാൾ ഇമാമോ ഒറ്റക്ക് നമസ്കരിക്കുന്നവനോ ആണെങ്കിൽ തന്റെ മുന്നിൽ ഒരു മറ വെക്കുന്നത് നല്ലതാണ്. തന്റെ മുന്നിലൂടെ ആളുകൾ നടന്ന് പോയി നമസ്കാരത്തിലെ ശ്രദ്ധ തെറ്റാതിരിക്കാൻ അവൻ വെക്കുന്ന തടസമാണ് ഇത് കൊണ്ടുള്ള ഉദ്ദേശം.

കുറിപ്പ്: (വുദൂഅ്, ശരീരവും നമസ്കരിക്കുന്ന സ്ഥലവും മാലിന്യ മുക്തമാക്കൽ എന്നിവയെല്ലാം ത്വഹാറത്ത് (ശുദ്ധീകരണം) എന്നതിൽ ഉൾപ്പെടുന്നു.)

കുറിപ്പ്: നമസ്കാരം ശരിയാകാൻ ചില നിബന്ധനകളുണ്ട്, അവയിൽ പെട്ടതാണ്: ശുദ്ധീകരണം, നിയ്യത്ത്, ഖിബ്‌ലയെ അഭിമുഖീകരിക്കൽ, സമയമാവൽ  എന്നിവ.









# എങ്ങനെയാണ് ഞാൻ നമസ്കരിക്കേണ്ടത് ?

**നമസ്കാരത്തിന്റെ പ്രായോഗിക രൂപത്തെ കുറിച്ചുള്ള സചിത്ര വിശദീകരണം**

# നാല് റക്അത്തുള്ള നമസ്കാരങ്ങൾ എങ്ങനെയാണ് ഞാൻ നിർവഹിക്കേണ്ടത്?

**ദുഹ്ർ, അസ്ർ, ഇശാ എന്നീ നമസ്കാരങ്ങളുടെ രൂപത്തെ കുറിച്ചുള്ള സചിത്ര വിശദീകരണം**



**1** ഖിബ്‌ലയെ അഭിമുഖീകരിക്കൽ: മക്കയുടെ ദിശയിലേക്ക് തിരിഞ്ഞ് നിൽക്കലാണത്. പൂർണമായ കൃത്യതയോടെ കഅബയിലേക്ക് തിരിഞ്ഞ് നിൽക്കണമെന്ന നിബന്ധനയില്ല, എന്നാൽ ആ ദിശയിലേക്ക് തിരിഞ്ഞാൽ മതിയാകുന്നതാണ്.

**2** നിയ്യത്ത്: ഹൃദയത്തിൽ ഉദ്ദേശം ഉണ്ടായിരിക്കണം - നാവ് കൊണ്ട് ഉച്ചരിക്കേണ്ടതില്ല- അതായത്: ആ സമയത്തുള്ള നമസ്കാരമേതാണോ അത് നിർവ ഹിക്കുന്നുവെന്ന് നാം മനസ്സിൽ കരുതണം.

**3** തക്ബീറത്തുൽ ഇഹ്റാം:

A. ഉള്ളം കൈകൾ ഖിബ്‌ലക്ക് നേരെ വരുന്ന രൂപത്തിൽ വെച്ചുകൊണ്ട് കൈകൾ ചുമലിന് നേരെയോ ചെവികൾക്ക് നേരെയോ ഉയർത്തുകയും "അല്ലാഹു അക്ബർ" എന്ന് പറയുകയും ചെയ്യുക.

B. തക്ബീറിന് ശേഷം നമ്മുടെ വലത് കൈ ഇടത് കയ്യിന്മേൽ വെക്കൽ സുന്നത്താണ്. ആ സമയം കൈകൾ വെക്കേണ്ടത് നെഞ്ചിലാണ്, അല്ലെങ്കിൽ പൊക്കിളിന് മീതെയോ കീഴെയോ അങ്ങനെ ഏതാണോ സൗകര്യം അവിടെ വെക്കാവുന്നതാണ്.




**ബാർകോഡ് സ്കാൻ ചെയ്ത് നമസ്കാരത്തിന്റെ രൂപം സമ്പൂർണമായി പഠിപ്പിക്കുന്ന ഫയൽ കാണുക.**

സുജൂദിന്റെ സ്ഥാനത്തേക്കാണ് നമ്മൾ നോക്കേണ്ടത്. കണ്ണുകൾ ആകാശത്തേക്ക് ഉയർത്തുകയോ അങ്ങോട്ടുമിങ്ങോട്ടും നോക്കുകയോ ചെയ്യരുത്.

**4** പ്രാരംഭ പ്രാർത്ഥന: ഏതെങ്കിലുമൊരു പ്രാരംഭ പ്രാർത്ഥന ചൊല്ലുക. ഉദാ:

«اللهمَّ باعِدْ بيني وبينَ خَطايايَ كما باعَدتَّ بينَ المشرقِ والمَغرب، اللهمَّ نقِّني من خطايايَ كما يُنقَّى الثَّوبُ الأَبيضُ منَ الدَّنَس، اللهمَّ اغسِلْني من خَطَايَايَ بالثَّلجِ والماءِ والبَرَد».

**5** ശരണ തേട്ടം നടത്തുക: അഥവാ «أعوذُ باللهِ منَ الشَّيطانِ الرَّجيم» എന്ന് ചൊല്ലുക.

**6** സൂറത്തുൽ ഫാതിഹ പാരായണം ചെയ്യുക: സൂറത്തുൽ ഫാതിഹ ഓരോ ആയത്തുകളായി ഭയഭക്തിയോടെയും അടക്കത്തോടെയും പാരായണം ചെയ്യുക. സൂറത്തുൽ ഫാതിഹയിൽ മഹത്തായ പ്രാർത്ഥനകൾ ഉൾക്കൊള്ളുന്നുണ്ട്, അതിനാൽ തന്നെ ഫാതിഹക്ക് ശേഷം 'ആമീൻ' പറയണം. 'അല്ലാഹുവേ ഞങ്ങളുടെ പ്രാർത്ഥനക്ക് നീ ഉത്തരം നൽകേണമേ' എന്ന അർത്ഥത്തിലുള്ള ഒരു തേട്ടമാണത്. അല്ലാതെ ഫാതിഹയിലെ ആയത്തല്ല.



**7** ഖുർആൻ പാരായണം ചെയ്യുക: ഫാതിഹക്ക് ശേഷം ഒരു സൂറത്ത് പൂർണമായോ അല്ലെങ്കിൽ കുറച്ച് ഭാഗമോ ആയി ഖുർആനിൽ നിന്ന് വല്ലതും പാരായണം ചെയ്യുക.





## 8 റുകൂഅ്

A ഉള്ളം കൈകൾ ഖിബ്‌ലക്ക് നേരെ വരുന്ന രൂപത്തിൽ വെച്ചുകൊണ്ട് കൈകൾ ചുമലിന് നേരെയോ ചെവികൾക്ക് നേരെയോ ഉയർത്തുകയും "അല്ലാഹു അക്ബർ" എന്ന് പറയുകയും ചെയ്ത് കൊണ്ട് നിറുത്തത്തിൽ നിന്നും റുകൂഇലേക്ക് പോവുക.

B കൈപ്പത്തികൾ കാൽ മുട്ടുകളിൽ വെക്കുക. വിരലുകൾ വിടർത്തി കാൽ മുട്ടുകൾ പിടിക്കുന്ന രൂപത്തിൽ വെക്കാവുന്നതാണ്.

C റുകൂഇൽ അടക്കം പാലിക്കുക. പുറം ഭാഗം വളയാതെ നേരെ വെക്കുകയും തല പുറത്തിന് നേരെ വരുന്ന രൂപത്തിൽ അതിനേക്കാൾ ഉയർത്തുകയോ താഴ്ത്തുകയോ ചെയ്യാതെ വെക്കുകയും വേണം.

D കൈകൾ പാർശ്വങ്ങളിൽ നിന്ന് അകറ്റി വെക്കുകയും ഏതെങ്കിലുമൊരു വശത്തേക്ക് ചാഞ്ഞ് കൊണ്ട് കവിൾത്തടം വെളിവാക്കാതിരിക്കുകയും ചെയ്യണം.

E റുകൂഇൽ മൂന്ന് പ്രവശ്യം «سُبحَانَ رَبِّيَ العظيم» എന്ന് പറയുക. അതാണ് ഏറ്റവും ചുരുങ്ങിയ പൂർണത. എന്നാൽ ഉദ്ദേശിക്കുന്നുവെങ്കിൽ അതിനേക്കാൾ അധികരിപ്പിക്കാവുന്നതാണ്. തസ്ബീഹ് ഒരു പ്രാവശ്യം മാത്രം ചൊല്ലിയാലും മതിയാകുന്നതാണ്. റുകൂഇൽ നമുക്ക് ചൊല്ലാവുന്ന വേറെയും ഒരുപാട് ദിക്റുകൾ ഉണ്ട്.





**9** റുകൂഇൽ നിന്ന് ഉയരൽ: കൈകൾ ചുമലിന് നേരെയോ ചെവികൾക്ക് നേരെയോ ഉയർത്തി ഇമാമോ ഒറ്റക്ക് നമസ്കരിക്കുന്നവനോ ആണെങ്കിൽ «سَمِعَ اللهُ لِمَنْ حَمِدَهُ» എന്ന് പറഞ്ഞ് കൊണ്ട് റുകൂഇൽ നിന്നും തല ഉയർത്തുക.

റുകൂഇൽ നിന്ന് ഉയർന്ന ശേഷം കൈകൾ ആദ്യം കെട്ടിയ പോലെ കെട്ടുകയോ താഴ്ത്തിയിടുകയോ ചെയ്യാവുന്നതാണ്.

**10** റുകൂഇൽ നിന്നും ഉയർന്ന് നേരെ നിൽക്കൽ: നേരെ നിന്ന് കൊണ്ട് «رَبَّنَا ولك الحَمْدُ» എന്ന് പറയുക. ആ നിറുത്തം ദീർഘിപ്പിക്കലും അതിൽ അടക്കം പാലിക്കലും സുന്നത്താണ്.







## 11 സുജൂദ്

A എന്ന് പറഞ്ഞു കൊണ്ട് നിലത്തേക്ക് സാഷ്ടാംഗം വീഴുക.

B സുജൂദിലേക്ക് പോകുന്ന സമയത്ത് നില ത്ത് ആദ്യം കൈകളോ കാൽമുട്ടുകളോ ഏതാണോ കൂടുതൽ സൗകര്യം അത് വെക്കാവുന്നതാണ്.

C ഏഴ് അവയവങ്ങളിലാണ് സുജൂദ് ചെയ്യേണ്ടത്. അവ;






■ ഇവയൊന്നിലും ഉപേക്ഷ കാണിക്കരുത്.

D കൈവിരലുകൾ ഖിബ്‌ലയുടെ നേരെ നീട്ടി വെക്കുക. കൈപ്പത്തികൾ ചുമലിന് നേരെയോ ചെവികൾക്ക് നേരെയോ ആക്കി കൊണ്ട് നിലത്ത് വെക്കുകയും കണങ്കൈകൾ നിലത്ത് നിന്ന് ഉയർത്തി വെക്കുകയും ചെയ്യണം.

E കണങ്കൈകൾ പാർശ്വങ്ങളിൽ നിന്ന് അകറ്റി വെക്കുക. ജമാഅത്ത് ആയി നമസ്കരിക്കുന്ന സമയത്ത് മറ്റുള്ളവർക്ക് ബുദ്ധിമുട്ട് ഉണ്ടാകുമെങ്കിൽ അങ്ങനെ ചെയ്യേണ്ടതില്ല.

F കാൽ വിരലുകളുടെ അറ്റം ഖിബ്‌ലയുടെ ദിശയിലേക്ക് വരുന്ന രൂപത്തിൽ കാൽപാദങ്ങൾ നാട്ടിവെക്കുകയും ഇരു തുടകൾ തമ്മിലും കാലും വയറും തമ്മിലും അകറ്റി വെക്കുകയും ചെയ്യുക.

G സുജൂദിൽ മൂന്ന് പ്രാവശ്യം «سبحانَ ربِّي الأعلى» എന്ന് പറയുക. അതാണ് ഏറ്റവും ചുരുങ്ങിയ പൂർണത. എന്നാൽ ഉദ്ദേശിക്കുന്നുവെങ്കിൽ അതിനേക്കാൾ അധികരിപ്പിക്കാവുന്നതാണ്. തസ്ബീഹ് ഒരു പ്രാവശ്യം മാത്രം ചൊല്ലിയാലും മതിയാകുന്നതാണ്. സുജൂദിൽ നമുക്ക് ചൊല്ലാവുന്ന വേറെയും തസ്ബീഹുകൾ ഉണ്ട്.

H ഇഹപര നന്മകൾക്കായി നമുക്ക് ഇഷ്ടമുള്ള പ്രാർത്ഥനകൾ പ്രാർത്ഥിക്കാം.

**12 സുജൂദിൽ നിന്ന് ഉയരൽ:** 'അല്ലാഹു അക്ബർ' എന്ന് പറഞ്ഞു കൊണ്ട് സുജൂദിൽ നിന്ന് ഉയരുകയും ഇരു സുജൂദുകൾക്കിടയിലുള്ള ഇരുത്തം ഇരിക്കുകയും ചെയ്യുക.



## 13 രണ്ട് സുജൂദുകൾക്കിടയിലുള്ള ഇരുത്തം:



A ഇടത് കാൽ വിരിച്ച് വെച്ച് അടക്കത്തോടെ അതിന്മേൽ ഇരിക്കുകയും വലതുകാലിന്റെ വിരലുകളുടെ അറ്റം ഖിബ്‌ലക്ക് നേരെ വരുന്ന രൂപത്തിൽ ആക്കി കൊണ്ട് അത് നാട്ടി വെക്കുകയും ചെയ്യുക. അല്ലെങ്കിൽ രണ്ട് കാലും നാട്ടി വെച്ച് കൊണ്ട് മടമ്പുകളിൽ ഇരിക്കുക. (ഇഫ്തിറാശിന്റെ ഇരുത്തം)

B വലത് കൈ വലതു തുടയുടെ മേലും ഇടത് കൈ ഇടത് തുടയുടെ മേലും കാൽ മുട്ടിനടു ത്തായോ കാൽമുട്ടുകളിലോ കൈപ്പത്തികൾ വരുന്ന രൂപത്തിൽ വെക്കുക.

C «رَبِّ اغفِرْ لي، رَبِّ اغفِرِ لي» എന്ന് പറയുക.

## 14 സുജൂദ്: 'അല്ലാഹു അക്ബർ' എന്ന് പറഞ്ഞു കൊണ്ട് രണ്ടാമത്തെ സുജൂദിലേക്ക് പോവുക. ആദ്യത്തെ സുജൂദ് ചെയ്തത് പോലെ തന്നെയാണ് ഇതും നിർവഹിക്കേണ്ടത്.

## 15 സുജൂദിൽ നിന്ന് എഴുന്നേൽക്കൽ: 'അല്ലാഹു അക്ബർ' എന്ന് പറഞ്ഞു കൊണ്ട് സുജൂദിൽ നിന്നും എഴുന്നേറ്റ് നിൽക്കുക.



**16** **രണ്ടാം റക്അത്ത് നിർവഹിക്കുക:** ഒന്നാം റക്അത്ത് നിർവഹിച്ചത് പോലെ തന്നെയാണ് രണ്ടാം റക്അത്തും നിർവഹിക്കേണ്ടത്.

- കൈകൾ നെഞ്ചിൽ കെട്ടുക, ഫാതിഹ ഓതുക, ഖുർആനിൽ നിന്ന് വല്ലതും പാരായണം ചെയ്യുക.
- ശേഷം തക്ബീർ ചൊല്ലി റുകൂഅ് ചെയ്യുകയും അതിൽ തസ്ബീഹ് ചൊല്ലുകയും ചെയ്യുക.
- ശേഷം سمعَ اللهُ لمَن حَمِدَه എന്ന് പറഞ്ഞു കൊണ്ട് റുകൂഇൽ നിന്ന് ഉയരുക.
- ശേഷം നേരെ നിന്ന് കൊണ്ട് ربنا ولك الحمد എന്ന് പറയുക.
- ശേഷം തക്ബീർ ചൊല്ലിക്കൊണ്ട് സുജൂദ് ചെയ്യുകയും അതിൽ തസ്ബീഹ് ചൊല്ലുകയും ചെയ്യുക.
- ശേഷം തക്ബീർ ചൊല്ലിക്കൊണ്ട് സുജൂദിൽ നിന്ന് എഴുന്നേറ്റിരിക്കുകയും ആ ഇരുത്തത്തിൽ ربِّ اغفر لي എന്ന് പ്രാർത്ഥിക്കുകയും ചെയ്യുക.
- ശേഷം വീണ്ടും തക്ബീർ ചൊല്ലിക്കൊണ്ട് സുജൂദ് ചെയ്യുകയും അതിൽ തസ്ബീഹ് ചൊല്ലുകയും ചെയ്യുക.







## 17 ഒന്നാം തശഹുദ്:

A 'അല്ലാഹു അക്ബർ' എന്ന് പറഞ്ഞു കൊണ്ട് സുജൂദിൽ നിന്നും എഴുന്നേറ്റ് തശഹുദിനായി രണ്ട് സുജൂദുകൾക്കിടയിൽ ഇരുന്ന പോലെ ഇരിക്കുക.

B വലത് കൈ വലത് തുടയുടെ മുകളിൽ വെച്ച് ചൂണ്ട് വിരലൊഴികെ എല്ലാ വിരലുകളുടെ ചുരുട്ടി പിടിക്കുകയും ചൂണ്ടു വിരൽ ഖിബ്‌ലയിലേക്ക് ചൂണ്ടുകയും ചെയ്യുക. അല്ലെങ്കിൽ തള്ളവിരൽ നടുവിരലുമായി ചേർത്ത് വൃത്താകൃതിയിൽ പിടിച്ച് ചൂണ്ടു വിരൽ ഖിബ്‌ലയിലേക്ക് ചൂണ്ടുകയും ചെയ്യുക. ഇടത് കൈ ഇടതു തുടയുടെ മേൽ പരത്തി വെക്കുകയോ കാൽമുട്ട് പിടിക്കുകയോ ചെയ്യുക.

C തശഹുദിന്റെ സമയത്ത് ചൂണ്ട് വിരലിലേക്കാണ് നോക്കേണ്ടത്.

D തശഹുദ് ചൊല്ലുക:

«التَّحيَّاتُ لله والصَّلواتُ والطَّيِّباتُ، السلامُ عليكَ أيُّها النبيُّ ورحمةُ اللهِ وبرَكاتُه، السلامُ علَينا وعلى عِبادِ اللهِ الصَّالِحين، أشهدُ أن لا إلهَ إلَّا اللهُ، وأشهدُ أنَّ محمَّدًا عبدُهُ ورسولُه»



**18** തശഹുദിൽ നിന്നും എഴുന്നേൽക്കൽ: **ശേഷം മൂന്നാം റക്അത്തിനായി എഴുന്നേൽക്കുകയും കൈകൾ ചുമലിനോ ചെവികൾക്കോ നേരെ ഉയർത്തി 'അല്ലാഹു അക്ബർ' എന്ന് പറഞ്ഞ് മുൻ റക്അത്തുകൾ നിർവഹിച്ചത് പോലെ തന്നെ ചെയ്യുക. എന്നാൽ നിറുത്തത്തിൽ ഫാതിഹ ഓതിയാൽ മതിയാകും. ഖുർആൻ പാരായണം ചെയ്യേണ്ടതില്ല.**

- ശേഷം തക്ബീർ ചൊല്ലി റുകൂഅ് ചെയ്യുകയും അതിൽ തസ്ബീഹ് ചൊല്ലുകയും ചെയ്യുക.
- ശേഷം سمعَ اللهُ لمَن حمَدِه എന്ന് പറഞ്ഞു കൊണ്ട് റുകൂഇൽ നിന്ന് ഉയരുക.
- ശേഷം നേരെ നിന്ന് കൊണ്ട് **ربَّنا ولك الحمد** എന്ന് പറയുക.
- ശേഷം തക്ബീർ ചൊല്ലിക്കൊണ്ട് സുജൂദ് ചെയ്യുകയും അതിൽ തസ്ബീഹ് ചൊല്ലുകയും ചെയ്യുക.
- ശേഷം തക്ബീർ ചൊല്ലിക്കൊണ്ട് സുജൂദിൽ നിന്ന് എഴുന്നേറ്റിരിക്കുകയും ആ ഇരുത്തത്തിൽ **ربِّ اغفر لي** എന്ന് പ്രാർത്ഥിക്കുകയും ചെയ്യുക.
- ശേഷം വീണ്ടും തക്ബീർ ചൊല്ലിക്കൊണ്ട് സുജൂദ് ചെയ്യുകയും അതിൽ തസ്ബീഹ് ചൊല്ലുകയും ചെയ്യുക.

**19** സുജൂദിൽ നിന്നും എഴുന്നേൽക്കൽ: **ശേഷം 'അല്ലാഹു അക്ബർ' എന്ന് പറഞ്ഞ് എഴുന്നേൽക്കുകയും രണ്ടാം റക്അത്ത് നിർവഹിച്ചത് പോലെ തന്നെ എന്നാൽ ഫാതിഹക്ക് ശേഷം ഖുർആൻ പാരായണം ചെയ്യാതെ ഈ റക്അത്തും നിർവഹിക്കുക.**

- ശേഷം തക്ബീർ ചൊല്ലി റുകൂഅ് ചെയ്യുകയും അതിൽ തസ്ബീഹ് ചൊല്ലുകയും ചെയ്യുക.
- ശേഷം سمعَ اللهُ لمَن حمَدِه എന്ന് പറഞ്ഞു കൊണ്ട് റുകൂഇൽ നിന്ന് ഉയരുക.
- ശേഷം നേരെ നിന്ന് കൊണ്ട് **ربَّنا ولك الحمد** എന്ന് പറയുക.
- ശേഷം തക്ബീർ ചൊല്ലിക്കൊണ്ട് സുജൂദ് ചെയ്യുകയും അതിൽ തസ്ബീഹ് ചൊല്ലുകയും ചെയ്യുക.
- ശേഷം തക്ബീർ ചൊല്ലിക്കൊണ്ട് സുജൂദിൽ നിന്ന് എഴുന്നേറ്റിരിക്കുകയും ആ ഇരുത്തത്തിൽ **ربِّ اغفر لي** എന്ന് പ്രാർത്ഥിക്കുകയും ചെയ്യുക.
- ശേഷം വീണ്ടും തക്ബീർ ചൊല്ലിക്കൊണ്ട് സുജൂദ് ചെയ്യുകയും അതിൽ തസ്ബീഹ് ചൊല്ലുകയും ചെയ്യുക.

## 20 അവസാനത്തെ തശഹുദ്:

A തക്ബീർ ചൊല്ലിക്കൊണ്ട് സുജൂദിൽ നിന്ന് എഴുന്നേൽക്കുകയും തശഹുദിനായി ഇരിക്കുകയും ചെയ്യുക.

B തവർറുക്കിന്റെ ഇരുത്തമാണ് ഇരിക്കേണ്ടത്; അതായത്, ഇടത് പൃഷ്ഠഭാഗം നിലത്ത് കുത്തിയിരിക്കുകയും ആദ്യത്തെ തശഹുദിൽ ഇരുന്നപ്പോൾ വെച്ചത് പോലെ വലതുകാൽ നാട്ടി വെക്കുകയും ഇടത് കാൽ അതിനടിയിൽ കൂടി പുറത്ത് വരുന്ന രൂപത്തിൽ വെക്കുകയും ചെയ്യുക.

C ആദ്യത്തെ തശഹുദിൽ ചെയ്തത് പോലെ തശഹുദിലെ ദിക്ർ ചൊല്ലുക. ശേഷം ഇബ്റാഹീമിയ്യ സ്വലാത്ത് «اللهُمَّ صلِّ على محمَّد وعلى آل محمَّد، كما صَلَّيتَ على إبراهيمَ وعلى آلِ إبراهيمَ، إنَّكَ حميدٌ مَجيد، اللهمَّ بارِكْ على محمَّدٍ وعلى آلِ محمَّد، كما باركتَ على إبراهيمَ وعلى آل إبراهيمَ، إنَّكَ حميدٌ مَجيد» ചൊല്ലുക. ശേഷം «اللَّهُمَّ إنِّي أَعُوذُ بِكَ مِن عَذَابِ جَهَنَّمَ، وَمِنْ عَذَابِ القَبْرِ، وَمِنْ فِتْنَةِ المَحْيَا وَالمَمَاتِ، وَمِنْ شَرِّ فِتْنَةِ المَسِيحِ الدَّجَّالِ»

എന്നത് പോലെയുള്ള തശഹുദിൽ ചൊല്ലുന്നതിനായി സ്ഥിരപ്പെട്ട് വന്ന എന്തെങ്കിലും പ്രാർത്ഥിക്കൽ സുന്നത്താണ്.

ശേഷം ഇഹപര നന്മക്കായി നാം ഉദ്ദേശിക്കുന്നത് പ്രാർത്ഥിക്കുക.





**21** സലാംവീട്ടൽ: «السلامُ عليكُم ورحمةُ الله» എന്ന് പറഞ്ഞു കൊണ്ട് മുഖം വലത് ഭാഗത്തേക്ക് തിരിക്കുക. ശേഷം വീണ്ടും «السلامُ عليكُم ورحمةُ الله» എന്ന് പറഞ്ഞുകൊണ്ട് മുഖം ഇടത് ഭാഗത്തേക്കും തിരിക്കുക. ഇങ്ങനെ ചെയ്യുന്നതോടുകൂടി നമസ്കാരം പൂർത്തിയായി.



**22** സലാം വീട്ടി കഴിഞ്ഞാൽ അൽപ നേരം ഇരിക്കൽ നമസ്കരിക്കുന്നവന് സുന്നത്താണ്; എന്നിട്ടവൻ മൂന്ന് പ്രാവശ്യം അല്ലാഹുവോട് പാപമോചനം തേടുക. ശേഷം റസൂൽ (സ) യിൽ നിന്നും സ്ഥിരപ്പെട്ട് വന്ന ദിക്റുകൾ ചൊല്ലുക.



## രണ്ട് റക്അത്തും മൂന്ന് റക്അത്തും ഉള്ള നമസ്കാരങ്ങൾ എങ്ങനെയാണ് ഞാൻ നിർവഹിക്കേണ്ടത്?

A സുബ്ഹി നമസ്കാരം പോലെ രണ്ടാം റക്അത്തിലെ രണ്ടാം സുജൂദിന് ശേഷം തശഹുദിനായി ഇരിക്കുകയും അത്തഹിയ്യാത്ത് ചൊല്ലുകയും ശേഷം ഇബ്രാഹീമിയ്യ സ്വലാത്ത് ചൊല്ലി ശേഷം സലാം വീട്ടുകയും ചെയ്യുക.

B മഗ്‌രിബ് നമസ്കാരം പോലെ മൂന്ന് റക്അത്ത് ഉള്ള നമസ്കാരം ആണെങ്കിൽ മൂന്നാം ക്അത്തിലെ രണ്ടാം സുജൂദിന് ശേഷം തശഹുദിനായി ഇരിക്കുകയും അത്തഹിയ്യാത്ത് ചൊല്ലുകയും ശേഷം ഇബ്രാഹീമിയ്യ സ്വലാത്ത് ചൊല്ലി ശേഷം സലാം വീട്ടുകയും ചെയ്യുക.

### നിർദേശങ്ങൾ:

1. സുബ്ഹ്, ജുമുഅ, രണ്ട് പെരുന്നാൾ നമസ്കാരങ്ങൾ എന്നിവ പോലെയുള്ള രണ്ട് റക്അത്ത് നമസ്കാരങ്ങളിലും മൂന്ന് റക്അത്തും നാല് റക്അത്തും ഉള്ള നമസ്കാരങ്ങളിലെ ഒന്നാമത്തെ തശഹുദിലും സുജൂദുകൾക്കിടയിലുള്ള ഇരുത്തത്തിലും ഇഫ്തിറാശിന്റെ ഇരുത്തമാണ് ഇരിക്കേണ്ടത്.

2. മൂന്ന് റക്അത്തും നാല് റക്അത്തും ഉള്ള നമസ്കാരങ്ങളിലെ അവസാനത്തെ തശഹുദിൽ തവർറുകിന്റെ ഇരുത്തമാണ് ഇരിക്കേണ്ടത്.

3. ശരീര വണ്ണം, കാലിലോ മറ്റോ ഉള്ള വേദന എന്നിവ മൂലം ഇഫ്തിറാശിന്റേയും തവർറുകിന്റേയും ഇരുത്തം ഇരിക്കാൻ സാധിക്കാത്തവർക്ക് സാധ്യമാകുന്ന ഏത് രീതിയിൽ ഇരിക്കുന്നതിനും കുഴപ്പമില്ല.

## നമസ്കാരം നിഷ്ഫലമാക്കി കളയുന്ന കാര്യങ്ങൾ:

1- കഴിവുണ്ടായിട്ടും നമസ്കാരത്തിന്റെ നിബന്ധനകളിൽ വല്ലതും ഒഴിവാക്കുക.

2- മറന്നോ മനഃപൂർവമോ നമസ്കാരത്തിന്റെ നിർബന്ധ ഘടകങ്ങളിൽ (റുക്ന്) നിന്ന് വല്ലതും ഉപേക്ഷിക്കുക.

3- മനഃപൂർവം നമസ്കാരത്തിന്റെ നിർബന്ധ കാര്യങ്ങളിൽ (വാജിബ്) നിന്ന് വല്ലതും ഉപേക്ഷിക്കുക.

4- അനിവാര്യ ഘട്ടങ്ങളിലല്ലാതെ മനഃപൂർവം ചലനം അധികരിപ്പിക്കുകയോ സംസാരിക്കുകയോ നടക്കുകയോ ചെയ്യൽ.

5- ചിരിക്കലും ശബ്ദമുണ്ടാക്കലും.

6- മനഃപൂർവം തിന്നുകയോ കുടിക്കുകയോ ചെയ്യൽ.



നമസ്കാരത്തിലെ മറവിയും അശ്രദ്ധയുമായി ബന്ധപ്പെട്ട വിഷയങ്ങളിലെ വിധികളെ കുറിച്ച് ഒരു മുസ് ലിം പഠിച്ചിരിക്കൽ അനിവാര്യമാണ്

## നമസ്കാരത്തിൽ വെറുക്കപ്പെട്ട കാര്യങ്ങൾ:

നമസ്കാരത്തെ നിഷ്ഫലമാക്കാത്ത എന്നാൽ നമസ്കാരത്തിൽ ചെയ്യൽ വെറുക്കപ്പെട്ട ചില കാര്യങ്ങളുണ്ട്; നമസ്കരിക്കുന്നവൻ ആ കാര്യങ്ങൾ ചെയ്യാതിരിക്കേണ്ടതാണ്. അവയിൽ പെട്ടതാണ്:

1- നമസ്കാരത്തിൽ മുഖം തിരിക്കുക.

2- ശരീരത്തിന്റെ ഏതെങ്കിലും ഭാഗം കൊണ്ട് കളിക്കലും വിരൽ പൊട്ടിക്കൽ, കോർക്കൽ തുടങ്ങിയവ.

3- നമസ്കാരത്തിൽ നിന്നും ശ്രദ്ധ തെറ്റിക്കുന്ന വല്ല കാര്യത്തിന്റേയും സാന്നിധ്യത്തിൽ നമസ്കരിക്കുക.

4- മലമൂത്ര വിസർജനം പിടിച്ച് വെച്ച് കൊണ്ട് നമസ്കരിക്കൽ.

5 - നിർബന്ധിത നമസ്കാരങ്ങളുടെ ആദ്യ രണ്ട് റക്അത്തുകളിൽ ഫാത്തിഹ മാത്രം ഓതൽ.

6- ഭക്ഷണത്തിന്റെ സാന്നിധ്യത്തിൽ നമസ്കരിക്കൽ.

7- നമസ്കാരത്തിനിടെ വസ്ത്രങ്ങൾ ചുരുട്ടുക.

മുതലായവ.





## രോഗിയുടെ നമസ്കാരം:

ആർത്തവ - പ്രസവ രക്തങ്ങളുള്ള സ്ത്രീകൾ ഒഴികെ പ്രായപൂർത്തിയും ബുദ്ധിയുമുള്ള ഒരു മുസ്‌ലിമിന് ഏതൊരാവസ്ഥയിലും നിർബന്ധ നമസ്കാരങ്ങൾ ഒഴിവാക്കാവതല്ല.

ഒരു മുസ്‌ലിം എന്നെന്നും അവ നിർവഹിക്കേണ്ടതാണ്.

എന്നാൽ ഒരു മുസ്‌ലിം രോഗിയാവുകയും നമസ്കാരം നിർവഹിക്കൽ അയാൾക്ക് പ്രയാസമാവുകയും ചെയ്താൽ അപ്പോൾ അയാൾ എന്ത് ചെയ്യണം?

മനുഷ്യനെ അവന്റെ കഴിവിൽ പെടാത്ത കാര്യം നിർബന്ധിക്കുന്നില്ല എന്നത് അല്ലാഹുവിന്റെ കാരുണ്യത്തിൽ പെട്ടതാണ്. ഒരു മുസ്‌ലിമിന് രോഗം കാരണം നിന്ന് കൊണ്ട് നമസ്കരിക്കാൻ കഴിയാതെ വന്നാൽ അപ്പോൾ അയാൾക്ക് നിന്ന് നമസ്കരിക്കൽ നിർബന്ധമല്ലാതായി. അപ്പോൾ അവൻ ഇരുന്ന് നമസ്കരിക്കുകയും അവന് സാധിക്കുന്ന മറ്റ് നിർബന്ധ ഘടകങ്ങൾ നിർവഹിക്കുകയും വേണം. ഇനി അയാൾക്ക് റുകൂഉം സുജൂദും സാധിക്കുന്നില്ലെങ്കിൽ തല കൊണ്ട് ആംഗ്യം കാണിച്ചാൽ മതി. (അതായത്: അവന് സാധിക്കുന്നത്ര കുമ്പിടുക, റുകൂഇനേക്കാൾ കുറച്ചധികം സുജൂദിനായി കുമ്പിടുക). ഇനി അവന് റുകൂഅ് സാധിക്കും എന്നാൽ സുജൂദ് സാധിക്കില്ല, അല്ലെങ്കിൽ നേരെ തിരിച്ച്, എങ്കിൽ അവൻ ഏതാണോ അവന് സാധിക്കുന്നത് അത് ചെയ്യുകയും സാധിക്കാത്തത് തല കൊണ്ട് ആംഗ്യം കാണിക്കുകയും ചെയ്യുക.

അവന് ഇരുന്ന് നമസ്കരിക്കാൻ സാധിക്കില്ലെങ്കിൽ മുഖം കഴിയുന്നത്ര ഖിബ്‌ലയിലേക്ക് തിരിച്ച് കൊണ്ട് കിടന്ന് നിസ്കരിക്കുകയും സുജൂദും റുകൂഉം ആംഗ്യം കാണിക്കുകയും ചെയ്യണം.

മുഖം ഖിബ്‌ലയിലേക്ക് ചെരിച്ച് കിടന്ന് നമസ്കരിക്കാനും സാധ്യമല്ലെങ്കിൽ കാലുകൾ ഖിബ്‌ലയുടെ ദിശയിലേക്ക് വരുന്ന രൂപത്തിൽ കിടന്ന് സാധ്യമെങ്കിൽ തല ഉയർത്തി റുകൂഉം സുജൂദും ആംഗ്യം കാണിച്ച് നമസ്കരിക്കുക.

ആംഗ്യം കാണിക്കാൻ സാധിക്കുന്നില്ലെങ്കിൽ അവൻ അതും ചെയ്യേണ്ടതില്ല. റുകൂഉം സുജൂദും ചെയ്യുന്നതായി അവൻ മനസ്സിൽ കരുതുക.

രോഗിയുടെ നമസ്കാരത്തിന്റെ നിയമം:

നിർബന്ധമായും ചെയ്യേണ്ട കാര്യങ്ങളിൽ അവന് സാധ്യമാകുന്നത് ചെയ്യുക. അസാധ്യമായത് ചെയ്യേണ്ടതില്ല.



## യാത്രക്കാരന്റെ നമസ്കാരം:

യാത്രക്കാരന് നമസ്കാരത്തിൽ ചില ഇളവുകൾ നൽകിയത് ഇസ്‌ലാമിലെ ലഘൂകരണത്തിന് ഒരു ഉദാഹരണമാണ്. അവന് ദുഹ്ർ, അസ്ർ, ഇശാ എന്നീ നാല് റക്അത്തുള്ള നമസ്കാരങ്ങൾ രണ്ട് റക്അത്തായി ചുരുക്കി നമസ്കരിക്കൽ അനുവദനീയമാണ്.



## നമസ്കാരത്തിൽ സ്ത്രീകളുമായി ബന്ധപ്പെട്ട വിധി വിലക്കുകൾ:

നമസ്കാരത്തിന്റെ വിധി വിലക്കുകളിൽ സ്ത്രീകൾക്ക് മാത്രം സവിശേഷമായ ഏതാനും വിഷയങ്ങളിലൊഴികെ അവർ പൂർണമായും പുരുഷന്മാരെ പോലെ തന്നെയാണ്. സ്ത്രീകൾക്ക് മാത്രമായുള്ള ആ വിധികൾ ഇവയാണ്;

- ആർത്തവ, പ്രസവ രക്തമുള്ള സമയങ്ങളിൽ സ്ത്രീകൾ നമസ്കരിക്കേണ്ടതില്ല, രക്തം നിന്ന ശേഷം അത് അവർ നിർവഹിച്ച് വീട്ടേണ്ടതുമില്ല.
- സ്ത്രീകൾ ജുമുഅക്ക് സന്നിഹിതരാവൽ നിർബന്ധമില്ല.
- സ്ത്രീകൾക്ക് ജമാഅത്ത് നമസ്കാരം നിർബന്ധമില്ല.
- സ്ത്രീകൾ നമസ്കാരത്തിൽ മുഖവും മുൻകയ്യും ഒഴിച്ചുള്ള അവരുടെ ശരീര ഭാഗങ്ങൾ മുഴുവൻ മറക്കേണ്ടതാണ്.

# ഉപസംഹാരം:

നമ്മുടെ മുസ്‌ലിം സഹോദരി സഹദരന്മാർക്ക് ഇസ്‌ലാമിന്റെ പഞ്ച സ്തംഭങ്ങളിലൊന്നായ ഈ മഹത്തായ കാര്യം നമുക്ക് തൃപ്തികരമായ രീതിയിൽ നിലനിർത്താൻ സൗഭാഗ്യം ലഭിക്കട്ടെ എന്ന് നാം അല്ലാഹുവോട് തേടുന്നു. അല്ലാഹുവിന്റെ ഖലീൽ ആയ ഇബ്റാഹീം(അ) പ്രാർത്ഥിച്ച "എന്റെ രക്ഷിതാവേ, എന്നെ നീ നമസ്കാരം മുറപ്രകാരം നിർവഹിക്കുന്നവനാക്കേണമേ. എന്റെ സന്തതികളിൽ പെട്ടവരെയും (അപ്രകാരം ആക്കേണമേ) ഞങ്ങളുടെ രക്ഷിതാവേ, എന്റെ പ്രാർത്ഥന നീ സ്വീകരിക്കുകയും ചെയ്യേണമേ." (സൂ. ഇബ്റാഹീം 40). എന്ന പ്രാർത്ഥന ഇപ്പോൾ നാമും പ്രാർത്ഥിക്കുകയാണ്.

അല്ലാഹുവാണ് കൂടുതൽ അറിവുള്ളവൻ,

وصلى الله وسلم وبارك على عبده ونبيِّه محمد.





# മൂല്യ നിർണയ ചോദ്യങ്ങൾ

**1** ശരിയോ തെറ്റോ എന്ന് രേഖപ്പെടുത്തുക:

- [ ] ഒരു ദാസനും തന്റെ രക്ഷിതാവും തമ്മിലുള്ള ബന്ധമാണ് നമസ്കാരം. അതിൽ അവൻ അല്ലാഹുവിനെ മഹത്വപ്പെടുത്തിയും ഔന്നിത്യപ്പെടുത്തിയും അവന്റെ മുന്നിൽ നിൽക്കുകയാണ്.
- [ ] ഭയഭക്തിയിൽ ഉപേക്ഷ വരുത്തുന്നത് നമസ്കാരത്തിന്റെ പ്രതിഫലത്തെ കുറക്കുന്നു.
- [ ] ധിക്കാരിയും തെറ്റുകളിൽ മുഴുകുന്നവനാണെങ്കിലും ഒരു മുസ്‌ലിമിന്റെ മേൽ നമസ്കാരം നിർബന്ധമാണ്.
- [ ] ഖിബ്‌ല എന്നത് കൊണ്ടുള്ള ഉദ്ദേശം മക്കയുടെ ദിശയാണ്.
- [ ] നിയ്യത്ത് ഇല്ലാതെ തന്നെ ഒരു മുസ്‌ലിമിന്റെ നമസ്കാരം ശരിയാവുന്നതാണ്.
- [ ] ഫാതിഹ പാരായണം ചെയ്യൽ നിർബന്ധ ഘടകമാണ്; കഴിവുള്ളവൻ അത് പാരായണം ചെയ്യാതെ അവന്റെ നമസ്കാരം ശരിയാവുകയില്ല.
- [ ] ആർത്തവ- പ്രസവ രക്തങ്ങളുള്ള സ്ത്രീകൾ ഒഴികെ പ്രായപൂർത്തിയും ബുദ്ധിയുമുള്ള ഒരു മുസ്‌ലിമിന് ഏതൊരാവസ്ഥയിലും നമസ്കാരം ഒഴിവാക്കാവതല്ല.
- [ ] യാത്രക്കാരന് നാല് റക്അത്തുള്ള നമസ്കാരങ്ങൾ രണ്ട് റക്അത്താക്കി ചുരുക്കി നമസ്കരിക്കൽ അനുവദനീയമാണ്.

☐ ജുമുഅയും ജമാഅത്ത് നമസ്കാരവും സ്ത്രീകൾക്ക് നിർബന്ധമില്ല.

☐ നിൽക്കാൻ സാധിക്കാത്തവൻ ഇരുന്ന് നമസ്കരിച്ചാലും നമസ്കാരം ശരിയാകുന്നതാണ്.

☐ നമസ്കാരത്തിൽ മുഖം അങ്ങോട്ടുമിങ്ങോട്ടും തിരിക്കാവുന്നതാണ്.

☐ നമസ്കാരത്തിൽ ഭക്ഷണം കഴിക്കലും സംസാരിക്കലും അനുവദനീയമാണ്.

☐ ഖിബ്‌ലയുടെ ദിശ മനസ്സിലാക്കാനും ചോദിച്ചറിയാനും അവസരമുണ്ടായിട്ടും ഖിബ്‌ലയിലേക്കല്ലാതെ തിരിഞ്ഞ് നമസ്കരിച്ചാൽ അവന്റെ നമസ്കാരം ശരിയാകുന്നതാണ്.

☐ ഒരാൾ സുജൂദ് ചെയ്യുമ്പോൾ അവന്റെ കാൽ വിരലുകൾ മുഴുവൻ നിലത്ത് നിന്ന് ഉയർത്തി വെച്ചാൽ അവന്റെ സുജൂദ് ശരിയാകുന്നതല്ല.

# മൂല്യ നിർണയ ചോദ്യങ്ങൾ

**2** ഒരാൾ തന്റെ നമസ്കാരത്തിന്റെ ഒന്നാമത്തെ റക്അത്തിൽ ഇരു സുജൂദുകളിലൊന്ന് മറന്ന് പിന്നീട് രണ്ടാം റക്അത്തിലാണ് അവനത് ഓർമ വരുന്നത് എങ്കിൽ അവൻ മറന്ന് പോയ തായത് കൊണ്ട് ഒരു സുജൂദ് കൊണ്ട് മാത്രം അവന്റെ ഒന്നാം റക്അത്ത് ശരിയാകുമോ?

☐ അതെ ☐ ഇല്ല

**3** ശരിയായ ഉത്തരം തിരഞ്ഞെടുക്കുക:

1. ഒരു മുസ്‌ലിം ദിനേനെ നിർവഹിക്കേണ്ട നിർബന്ധ നമസ്കാരങ്ങൾ:

☐ ഏഴ് ☐ അഞ്ച് ☐ പത്ത്

2. നമസ്കാരം ശരിയാകാനുള്ള നിബന്ധനയിൽ പെട്ടതാണ്:

☐ ശുദ്ധി ☐ നിയ്യത്ത്

☐ ഖിബ്‌ലക്ക് മുന്നിടുക ☐ മേൽ പറഞ്ഞവയെല്ലാം

3. റുകൂഇൽ ചൊല്ലൽ സ്ഥിരപ്പെട്ട് വന്ന പ്രാർത്ഥനകളിൽ പെട്ടതാണ്:

☐ سبحان ربي الأعلى

☐ سبحان ربي العظيم

☐ الحمد لله رب العالمين

4. തശഹുദിൽ നിന്ന് എഴുന്നേറ്റാൽ നാം എന്താണ് ചെയ്യേണ്ടത്:

- [ ] തക്ബീർ ചൊല്ലിക്കൊണ്ട് നേരെ നിന്ന് ഫാതിഹ ഓതി ശേഷം റുകൂഅ് ചെയ്യുക.
- [ ] തക്ബീർ ചൊല്ലിക്കൊണ്ട് സുജൂദ് ചെയ്യുക.

5. മല മൂത്ര വിസർജനത്തിന് ആവശ്യമുണ്ടായിരിക്കെ ഒരാൾ നമസ്കരിച്ചു; അയാളുടെ ആ നമസ്കാരത്തിന്റെ വിധിയെന്താണ്?

- [ ] വെറുക്കപ്പെട്ടത്
- [ ] നിഷിദ്ധം
- [ ] അനുവദനീയം

## മൂല്യ നിർണയ ചോദ്യങ്ങൾ

**4** താഴെ കൊടുത്തവയിൽ വിട്ട ഭാഗം പൂരിപ്പിക്കുക:

1. ഇരു ശഹാദത്തുകൾ കഴിഞ്ഞാൽ ഏറ്റവും ശ്രേഷ്ഠമായ ആരാധനയാണ് ....................................................................................................................
2. മഗ്‌രിബ് നമസ്കാരം ................................................ റക്അത്തുകളാണ്, എന്നാൽ ദുഹ്ർ നമസ്കാരം ................................................................ റക്അത്തുകളാണ്.
3. നമസ്കാരം തക്ബീർ കൊണ്ട് ആരംഭിക്കുകയും ................................................ കൊണ്ട് അവസാനിക്കുകയും ചെയ്യുന്നു.
4. ഒരു സ്ത്രീ നമസ്കാരത്തിൽ തന്റെ ........................ ഉം ................................ ഉം ഒഴികെയുള്ള മുഴുവൻ ശരീര ഭാഗങ്ങളും മറക്കേണ്ടതാണ്.

**5** നമസ്കാരത്തിന്റെ ശ്രേഷ്ഠതകളിൽ മൂന്നെണ്ണം പറയുക?

....................................................................................................................

....................................................................................................................

**6** നമസ്കാരം നില നിർത്തേണ്ടതിന്റെ പ്രാധാന്യത്തിന് തെളിവ് എന്ത്?

....................................................................................................................

....................................................................................................................

....................................................................................................................

**7** അവസാനത്തെ തശഹുദിന്റെ രൂപം പറയുക?

....................................................................................................................

....................................................................................................................

....................................................................................................................

8 രണ്ട് സുജൂദുകൾക്കിടയിലെ ഇരുത്തത്തിൽ ചൊല്ലേണ്ട സ്ഥിരപ്പെട്ട് വന്ന പ്രാർത്ഥന ഏതാണ്?

..........................................................................................................

9 സുജൂദിൽ ചൊല്ലേണ്ട സ്ഥിരപ്പെട്ട് വന്ന പ്രാർത്ഥന ഏതാണ്?

..........................................................................................................

10 നമസ്കാരത്തിൽ ഭയ ഭക്തി ലഭ്യമാക്കുന്ന മാർഗങ്ങളിൽ നാലെണ്ണം പറയുക?

..........................................................................................................

11 നാല് റക്അത്തുകളുള്ള നിർബന്ധ നമസ്കാരങ്ങൾ ഏതൊക്കെയാണ് ?

..........................................................................................................

12 കസേരയിലല്ലാതെ ഇരിക്കാൻ സാധിക്കാത്ത ഒരാൾ കസേരയിൽ ഇരുന്ന് നമസ്കരിക്കുന്നു, അയാളുടെ നമസ്കാരം ശരിയാകുമോ?

..........................................................................................................

13 നിർബന്ധമായ ഒന്നാം തശഹുദ് മനഃപൂർവം ഒഴിവാക്കിയ ഒരാളുടെ നമസ്കാരത്തിന്റെ വിധിയെന്ത്?

..........................................................................................................

# നമസ്കാരം ഇസ്ലാമിന്റെ മഹത്തായ ചിഹ്നം

ഒരു മുസ്‌ലിം കഴിവും ശേഷിയുമുള്ള കാലത്തോളം ഉപേക്ഷിക്കാതെ അതിന് വേണ്ടി ഉറക്കത്തിന്റെ സുഖവും ജോലിയുടെ തിരക്കും കളഞ്ഞ് ദിനേനെ അഞ്ച് പ്രാവശ്യം നിർവഹിക്കുന്ന നിർബന്ധ നമസ്കാരം അവനെ സംബന്ധിച്ചിടത്തോളം ഒരു കുട്ടിക്ക് പ്രയാസം ഉണ്ടാകുമ്പോഴെല്ലാം സമാധാനം നൽകുന്ന അവന്റെ മാതാവിന്റെ ആലിംഗനം പോലെയാണ്. തന്റെ രക്ഷിതാവിന്റെ ഏകത്വം (തൗഹീദ്) നു ശേഷം ഒരു മുസ്‌ലിം പഠിക്കാനും പഠിപ്പിക്കാനും ഏറ്റവും താത്പര്യം കാണിക്കേതണ്ട് നമസ്കാരത്തെ കുറിച്ചാണ്. തക്ബീർ മുതൽ സലാം വീട്ടൽ വരെയുള്ള നമസ്കാരത്തിന്റെ രൂപത്തെ കുറിച്ചും അതുമായി ബന്ധപ്പെട്ട വിധി വിലക്കുകളെ കുറിച്ചുമുള്ള വ്യക്തമായ വിശദീകരണമാണ് ബാർകോഡ് സ്കാൻ ചെയ്ത് ദൃശ്യ മാധ്യമങ്ങളിലൂടെ നമസ്കാരത്തിന്റെ രൂപം നിങ്ങൾക്ക് കണ്ട് മനസ്സിലാക്കാൻ കഴിയുന്ന രൂപത്തിൽ. ഈ ചെറു കൃതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.




ربَّنا ولكَ الحمدُ
حمدًا كثيرًا طيِّبًا مُبارَكًا فيه
4:25 / 13:42

مركز أصول

OsoulCenter

www.osoulcenter.com

CHAT & DECIDE

വിവിധ ഭാഷകളിൽ ഇസ്‌ലാമിനെ
കുറിച്ച് ചർച്ച ചെയ്യുക

GUIDE TO ISLAM

ഇസ്‌ലാമിനെ കുറിച്ച്
കൂടുതൽ അറിയാൻ

Malayalam - المليبارية

ഒരു മുസ്‌ലിം കഴിവും ശേഷിയുമുള്ള കാലത്തോളം ഉപേക്ഷിക്കാതെ അതിന് വേണ്ടി ഉറക്കത്തിന്റെ സുഖവും ജോലിയുടെ തിരക്കും കളഞ്ഞ് ദിനേനെ അഞ്ച് പ്രാവശ്യം നിർവഹിക്കുന്ന നിർബന്ധ നമസ്കാരം അവനെ സംബന്ധിച്ചിടത്തോളം ഒരു കുട്ടിക്ക് പ്രയാസം ഉണ്ടാകുമ്പോഴെല്ലാം സമാധാനം നൽകുന്ന അവന്റെ മാതാവിന്റെ ആലിംഗനം പോലെയാണ്. തന്റെ രക്ഷിതാവിന്റെ ഏകത്വം (തൗഹീദ്) നു ശേഷം ഒരു മുസ്‌ലിം പഠിക്കാനും പഠിപ്പിക്കാനും ഏറ്റവും താത്പര്യം കാണിക്കേണ്ടത് നമസ്കാരത്തെ കുറിച്ചാണ്. തക്ബീർ മുതൽ സലാം വീട്ടൽ വരെയുള്ള നമസ്കാരത്തിന്റെ രൂപത്തെ കുറിച്ചും അതുമായി ബന്ധപ്പെട്ട വിധി വിലക്കുകളെ കുറിച്ചുമുള്ള വ്യക്തമായ വിശദീകരണമാണ് ബാർകോഡ് സ്കാൻ ചെയ്ത് ദൃശ്യ മാധ്യമങ്ങളിലൂടെ നമസ്കാരത്തിന്റെ രൂപം നിങ്ങൾക്ക് കണ്ട് മനസ്സിലാക്കാൻ കഴിയുന്ന രൂപത്തിൽ ഈ ചെറു കൃതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.


جائزة السبيعي للتميز في العمل الخيري

International Organization for Standardization ISO 9001

osoulcenter

www.osoulcontent.org.sa

ഉസൂൽ സ്റ്റോറിൽ നിന്നും ഈ പുസ്തകമോ
മറ്റ് പുസ്തകങ്ങളോ ഡൗൺലോഡ് ചെയ്യാൻ:

OSOUL STORE

osoulstore.com